# Literary Competition prizes distributed



Shri.KL Mohana Varma lighting the lamp. Shri.Payipra Radhakrishnan, Shri.TK Jose IAS, Shri.Sugata Ghose, Smt.Mini Mathew are also seen



# സാഹിത്യ രചനാമത്സരം: സമ്മാന വിതരണം നടത്തി

നീരയെയും നാളികേരത്തെയും പറ്റിയുള്ള ചിന്തകൾ പൊതുജനങ്ങളിലേയ്ക്ക് കൂടുതലായി എത്തിക്കാനും നീരയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദന രീതിയിൽ ഇതുവരെ കാണാത്ത വികസന മാതൃകകൾ ഉൾക്കൊള്ളാനും വരും തലമുറയെ പ്രാപ്തരാക്കുവാൻ നമ്മളേവരും പ്രതിജ്ഞാബദ്ധരാണെന്ന് പ്രശസ്ത സാഹിത്യകാരൻ ശ്രീ. കെ. എൽ. മോഹനവർമ്മ പറഞ്ഞു. നാളികേര വികസന ബോർഡും അക്ഷയ പുസ്തനിധിയുമായി ചേർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ നടത്തിയ സാഹിത്യ രചനാ മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനവിതരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജീവികളിൽ മനുഷ്യനുള്ള സ്ഥാനമാണ് വിളകളിൽ തെങ്ങിനുള്ളത്. നാളികേരത്തിന്റെ വിവിധങ്ങളായ ഗുണങ്ങളെപ്പറ്റി അറിഞ്ഞ് പഠിച്ച് വരും കാലങ്ങളിൽ നടത്താനിരിക്കുന്ന മത്സരങ്ങളിൽ അവരെ പങ്കെടുപ്പിക്കുവാനും അധ്യാപകരും രക്ഷകർത്താക്കളും സമൂഹവും മുന്നോട്ടുവരണമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐ.എ.എസ് ആഹ്വാനം ചെയ്തു.

തെങ്ങിനെപറ്റിയുള്ള അറിവുകൾ പങ്കുവെയ്ക്കുക എന്നത് മാത്രമല്ല നമ്മുടെ പൈതൃകത്തെ ചേർത്തുപിടിക്കുക എന്നതാണ് ഇത്തരം സാഹിത്യമത്സരങ്ങളിലൂടെ ലക്ഷ്യമാക്കേണ്ടത് എന്ന് പ്രശസ്ത സാഹിത്യകാരൻ ശ്രീ. പായിപ്ര രാധാകൃഷ്ണൻ ആമുഖപ്രസംഗത്തിൽ പറഞ്ഞു. സാഹിത്യ അക്കാദമി പുരസ്ക്കാരങ്ങൾ വരുംകാലങ്ങളിൽ നാളികേര സാഹിത്യശാഖയ്ക്ക് പ്രത്യേക പദവി ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകുമെന്ന് പ്രത്യാശിക്കുന്നതായി മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. സുഗതഘോഷ് പറഞ്ഞു. കേവലം മത്സരത്തിനുവേണ്ടി മാത്രമല്ല പ്രകൃതിയുടെ സൂപ്പർമാർക്കറ്റ് ആയ കൽപവൃക്ഷത്തെ സ്നേഹിക്കേണ്ടതെന്ന് നാളികേര വികസന ബോർഡ് കൺസൾട്ടന്റ് ഡോ. രമണി ഗോപാലകൃഷ്ണൻ പറഞ്ഞു. മത്സരങ്ങളിൽ അധ്യാപകരുടെ പ്രാതിനിധ്യം വളരെ കുറവായിരുന്നുവെന്ന് അവർ അഭിപ്രായപ്പെട്ടു.

സമ്മാനജേതാക്കളുടെ മറുപടി പ്രസംഗത്തിൽ വിദ്യാർത്ഥിവിഭാഗത്തെ പ്രതിനിധീകരിച്ച് മാസ്റ്റർ രാജശേഖര മേനോൻ, അധ്യാപക വിഭാഗത്തിൽ നിന്ന് ശ്രീമതി. മായ വി.എം., പൊതുവിഭാഗത്തിന്റെ പ്രതിനിധിയായി ശ്രീ. ബിനോജ് കാലായിൽ എന്നിവർ സംസാരിച്ചു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. ജ്ഞാനദേവൻ സ്വാഗതവും പബ്ലിസിറ്റി ഓഫീസർ ശ്രീമതി. മിനി മാത്യു കൃതജ്ഞതയും രേഖപ്പെടുത്തി.

ലേഖനം, കഥ, കവിത, കാർട്ടൂൺ എന്നീ വിഭാഗങ്ങളിൽ യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., അധ്യാപകർ, പൊതുവിഭാഗം എന്നിവരിൽ നിന്നായി ആകെ ലഭിച്ച 347 രചനകളിൽ നിന്ന് 64 പേരെയാണ് വിജയികളായി പ്രഖ്യാപിച്ചത്. അതിൽ ഇരുപത്തിരണ്ടും എറണാകുളം ജില്ലയിൽ നിന്നുള്ളവരാണ്. ഒരു ലക്ഷത്തി അറുപത്താറായിരം രൂപയുടെ ക്യാഷ് അവാർഡാണ് കൊച്ചി എസ്.ആർ.വി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നാളികേര വികസന ബോർഡ് വിജയികൾക്ക് നൽകിയത്.